5. ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥർക്ക് നൽകുന്ന ടെയിനിംഗ് ഓഫ് ടെയിനേഴ്സ് എന്ന പരിശീലന പരിപാടിയിൽ മദ്യവും കരൾ രോഗവും, മദ്യവും ലഹരി മരുന്നുകളും ശരീരത്തിന്റെ അവയവങ്ങൾക്ക് ഉണ്ടാക്കുന്ന ദോഷങ്ങൾ, വിഷാംശ നിർമ്മാർജ്ജനവും ലഹരി വിമുക്ത ചികിത്സയും മദ്യത്തിന്റെയും ലഹരി മരുന്നുകളുടെയും സൈക്കോപാത്തോളജി, മദ്യവും ലഹരി മരുന്നുകളും മനസ്സിലും മസ്തിഷ്കത്തിലും വരുത്തുന്ന സ്വാധീനങ്ങൾ, ലഹരി വിമോചന ചികിത്സയിലെ മനശാസ്ത്ര സമീപനം, മദ്യത്തിന്റെയും ലഹരിമരുന്നുകളുടെയും ഉപയോഗത്തിലൂടെ സ്ത്രീകളും കുട്ടികളും അനുഭവിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ, പൊതു സമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

ബിവറേജസ് ഔട്ട്ലെറ്റുകൾ

123 (1991) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ബിവറേജസ് ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുവെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുമോ ;

(ബി) ഓരോ ഔട്ട്ലെറ്റിലും വിറ്റിരുന്ന മദ്യത്തിന്റെ അളവും വിറ്റുവരവും എത്രയാണെന്ന് അറിയിക്കുമോ ;

(സി) പുതിയ മദ്യനയത്തിന്റെ ഭാഗമായി ഇതുവരെ എത്ര ഔട്ട്ലെറ്റുകൾ പൂട്ടിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ബാറുകളും ഔട്ട്ലെറ്റുകളും അടച്ചു പൂട്ടുന്നതിന് മുമ്പ് സംസ്ഥാനത്തെ ശരാശരി മദ്യ ഉപഭോഗം എത്രയായിരുന്നു ;

(ഇ) പുതിയ മദ്യനയം പ്രാബല്യത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ശരാശരി മദ്യ ഉപഭോഗം എത്രയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പ്രവർത്തിച്ചുവരുന്ന ബിവറേജസ് ഔട്ട്ലെറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2013-14 സാമ്പത്തിക വർഷം ഔട്ട്ലെറ്റുകൾ വഴി വിറ്റിരുന്ന മദ്യത്തിന്റെ അളവിന്റെ വിശദാംശം അനുബന്ധം II ആയും* മദ്യത്തിന്റെ വിറ്റവരവ് സംബന്ധിച്ച വിശദാംശം അനുബന്ധം III ആയും ചേർത്തിരിക്കുന്നു.*

(സി) പുതിയ മദ്യനയത്തിന്റെ ഭാഗമായി ബിവറേജസ് കോർപ്പറേഷന്റെ 34 ഔട്ട്ലെറ്റുകൾ പൂട്ടിയിട്ടുണ്ട്.

(ഡി) ബാറുകളും ഔട്ട്ലെറ്റുകളും അടച്ചുപൂട്ടുന്നതിനുമുമ്പ് (2013-14) ബിവറേജസ് കോർപ്പറേഷന്റെ വെയർഹൗസുകളിൽനിന്നും ബാറുകളിലയ്ക്കും, ബിവറേജസ് ഷോപ്പുകൾ, കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ എന്നിവ വഴിയും പ്രതിദിനം വിറ്റ മദ്യത്തിന്റെ അളവ് 69200 കെയ്സും 31027 കെയ്സ് ബിയറും ആയിരുന്നു.

(ഇ) സംസ്ഥാനത്തെ 418 ബാറുകൾ പൂട്ടിയതിനു ശേഷം 2014 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ ബിവറേജസ് കോർപ്പറേഷൻ മുഖേന വിറ്റഴിച്ച മദ്യത്തിന്റെ ശരാശരി പ്രതിദിന അളവ് 66765 കെയ്സും ബിയറിന്റേത് 26950 കെയ്സും ആയിരുന്നു.

ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിലെ കുറവ്

124 (1992) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ബാറുകൾ പൂട്ടിയ ശേഷം ശേഷം ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിൽ എത്ര തുകയുടെ കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; 2013-ലെ വ്യാപാരവുമായി താരതമ്യപ്പെടുത്തിയാൽ എത്ര തുക വ്യത്യാസം ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

സംസ്ഥാനത്ത് ബാറുകൾ പൂട്ടിയ ശേഷം ബിവറേജസ് കോർപ്പറേഷന്റെ വിൽപ്പനയുടെ തുകയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതിനുള്ള പ്രധാന കാരണം നികുതി വർദ്ധനവാണ്. 10-10-2014 മുതൽ 400 രൂപയ്ക്ക് താഴെ ലാന്റഡ് കോസ്റ്റ് ഉള്ള മദ്യത്തിന്റെ വിൽപ്പന നികുതി 105%-ൽനിന്നും 125% ആയും ലാന്റഡ് കോസ്റ്റ് 400 രൂപയും അതിനുമുകളിലുമുള്ള മദ്യത്തിന് 115%-ൽനിന്ന് 135% ആയും ഉയർത്തി. ബിയറിന്റെ വിൽപ്പന നികുതി 50%-ൽനിന്ന് 70% ആയി ഉയർത്തി. കൂടാതെ 5% റീഹാബിലിറ്റേഷൻ സെസ് 8-10-2014 മുതൽ പ്രാബല്യത്തിൽ വന്നു. ബിവറേജസ് കോർപ്പറേഷന്റെ ഈ വർഷത്തെ (2014 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) വിറ്റ് വരവ് 5731.47 കോടി രൂപയും ഇതേ കാലയളവിൽ കഴിഞ്ഞ വർഷത്തെ (2013 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) വിറ്റ് വരവ് 5378.38 കോടി രൂപയുമാണ്. 2013-ലെയും 2014-ലെയും ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള വ്യാപാരം താരതമ്യപ്പെടുത്തിയാൽ 2014-ൽ 353.09 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly